## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2397

18.12.2012 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും
വകുപ്പ് മന്ത്രി)

(എ) നടപ്പ് സാമ്പത്തിക വർഷം ആദ്യ 8 മാസത്തെ വിലയിരുത്തലിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; അവ ഏതൊക്കെ; ലാഭവിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(എ) നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ 8 മാസത്തിൽ ലാഭത്തിൽ പ്രവർത്തിച്ച വ്യവസായ വകുപ്പിന്റെ കീഴിലുള്ള 16 പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരും ലാഭവിഹിതവും താഴെ ചേർക്കുന്നു.

| Sl No | Company | Net Profit/ (Rs. in lakhs) |
|---|---|---|
| 1 | The Kerala Minerals and Metals Ltd | 5666.50 |
| 2 | Malabar Cements Ltd | 2498.58 |
| 3 | Kerala State Industrial Development Corporation | 1499.83 |
| 4 | Kerala State Industrial Enterprises Ltd | 522.02 |
| 5 | Travancore Titanium Products Ltd | 453.00 |
| 6 | KINFRA | 325.17 |
| 7 | Steel and Industrial Forgings Ltd | 292.20 |
| 8 | Travancore -Cochin Chemicals Ltd | 191.64 |
| 9 | Keltron Electro Ceramics Ltd | 94.31 |
| 10 | Steel Industrials Kerala Ltd | 85.49 |
| 11 | Kerala Small Industries Development Corporation Ltd | 75.02 |
| 12 | Kerala Clays & Ceramic Products Ltd | 60.79 |
| 13 | Texfed | 40.51 |
| 14 | Forest Industries (Travancore) Ltd | 8.00 |
| 15 | Kerala State Mineral Development Corporation Ltd | 4.29 |
| 16 | Sitaram Textiles Ltd | 0.62 |

| | |
|---|---|
| (ബി) 2011 -12 സാമ്പത്തിക വർഷം ആദ്യ എട്ടു മാസങ്ങളിൽ ഇവയുടെ ലാഭ വിഹിതം എത്രയായിരുന്നുവെന്ന് താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. 2011-12 വർഷത്തിലെ ആദ്യ 8 മാസത്തിൽ ലാഭത്തിൽ പ്രവർത്തിച്ച വ്യവസായ വകുപ്പിന്റെ കീഴിലുള്ള 16 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഈ വർഷത്തെ ലാഭവും കഴിഞ്ഞ വർഷം ഇതെ കാലയളവിലുള്ള ലാഭവും താഴെ ചേർക്കുന്നു. |

| Sl No | company | Net Profit/Loss (Rs in Lakhs) | |
|---|---|---|---|
| | | April - Nov. 2011 | April- Nov. 2012 |
| 1 | The Kerala Minerals and Metals Ltd | 11123.48 | 5666.50 |
| 2 | Malabar Cements Ltd | 3013.86 | 2498.58 |
| 3 | Kerala State Industrial Dev. Corporation | 1580.26 | 1499.83 |
| 4 | Kerala State Industrial Enterprises Ltd | 485.29 | 522.02 |
| 5 | Travancore Titanium Products Ltd | 1827.42 | 453.00 |
| 6 | KINFRA | 672.88 | 325.17 |
| 7 | Steel and Industrial Forgings Ltd | 238.31 | 292.20 |
| 8 | Travancore- Cochin Chemicals Ltd | 623.86 | 191.64 |
| 9 | Keltron Electro Ceramics Ltd | 48.91 | 94.31 |
| 10 | Steel Industrials Kerala Ltd | 16.04 | 85.49 |
| 11 | Kerala Small Industries Dev. Corporation Ltd | 62.80 | 75.02 |
| 12 | Kerala Clays & Ceramics Products Ltd | 90.01 | 60.79 |
| 13 | Texfed | 6.35 | 40.51 |
| 14 | Forest Industries (Travancore) Ltd | -115.46 | 8.00 |
| 15 | Kerala State Mineral Development Corporation Ltd | -13.15 | 4.29 |
| 16 | Sitaram Textiles Ltd | -185.86 | 0.62 |

(സി)മുൻ കാലങ്ങളിൽ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളായ കെ. എം. എം. എൽ., ട്രാവൻകൂർ ടൈറ്റാനിയം എന്നിവയുടെ ലാഭത്തോത് നടപ്പ് വർഷത്തിൽ കാര്യമായി കുറവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ട്. ടി സ്ഥാപനങ്ങളുടെ പ്രധാന അസംസ്കൃത വസ്തുവായ ഇൽമനൈറ്റിന്റെ ലഭ്യത കുറവും ഇൽമനൈറ്റ് അടക്കമുള്ള അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധനവ്, ഇറക്കുമതി മൂലം അന്താരാഷ്ട്ര വിപണിയിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയിടിവ് എന്നിവ മൂലമാണ് ലാഭത്തിൽ കുറവു വന്നത്. ഇൽമനൈറ്റിന്റെ ലഭ്യത ഉറപ്പുവരുത്തുവാനായി കോവിൽ ത്തോട്ടം പ്രദേശത്ത് മൈനിംഗ് ആരംഭിച്ചിട്ടുണ്ട്. IRE ൽ നിന്ന് കൂടുതൽ ഇൽമനൈറ്റ് ലഭ്യമാക്കിയും, വിപണിക്ക് അനുയോജ്യമായ വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുകയും ചെയ്യുന്നു.

ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2012 നവംബർ 30 വരെ സ്വകാര്യമേഖലയിൽ എത്ര പുതിയ കമ്പനികൾ വ്യവസായ മേഖലയിൽ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി)ഈ സർക്കാർ അധികാരമേറ്റതിനുശേഷം എം.എസ്.എം.ഇ ആക്ട് പ്രകാരം വ്യവസായ മേഖലയിൽ 18/05/2011 മുതൽ 30/09/2012 വരെ 452 പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കമ്പനികളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

| ജില്ല | കമ്പനികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 62 |
| കൊല്ലം | 10 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 26 |
| കോട്ടയം | 16 |
| ഇടുക്കി | 3 |
| എറണാകുളം | 193 |
| തൃശ്ശൂർ | 36 |
| പാലക്കാട് | 29 |
| മലപ്പുറം | 20 |
| കോഴിക്കോട് | 36 |
| വയനാട് | 4 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| ആകെ | 452 |

ഇ) സംസ്ഥാനത്തേയ്ക്ക് പുതിയ വ്യവസായങ്ങൾ കൊണ്ടു വരാൻ ധൈര്യമില്ല എന്നു പറഞ്ഞ കേന്ദ്ര പ്രതിരോധ മന്ത്രി

(ഇ) സംസ്ഥാനത്തു പുതിയ വ്യവസായങ്ങൾ കൊണ്ടു വരുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായിട്ടാണ്

യുടെ പ്രസ്താവന ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

രണ്ടു വർഷത്തിലൊരിക്കൽ എമർജിംഗ് കേരള സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

എഫ്) മുൻ സർക്കാരിന്റെ കാലത്ത് പ്രതിരോധ വകുപ്പിന്റെ എത്ര സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചത്; അവ ഏതൊക്കെ ; വിശദമാക്കുമോ ;

(എഫ്) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചിരുന്ന Kerala Hi- Tech Industries Ltd എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബ്രഹ്മോസ് എയ്റോ സ്പേസ് ഏറ്റെടുത്ത് ബ്രഹ്മോസ് എയ്റോ സ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു.

2. ഹിന്ദുസ്ഥാൻ എയറോനാട്ടിക്സ് ലിമിറ്റഡിന്റെ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് ഫാക്ടറി, കാസറഗോഡ്.
3. ഭാരത് ഇലക്ട്രോണിക്സ്, കളമശ്ശേരി.
4. ബി.ഇ.എം.എൽ, പാലക്കാട്.

ജി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രതിരോധ വകുപ്പിന്റെ ഏതെങ്കിലും പുതിയ സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കുമോ ;

(ജി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ പുതിയതായി പ്രതിരോധ വകുപ്പിന്റെ വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

എച്ച്.) പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം നിയമനങ്ങൾക്ക് പകരം താൽക്കാലിക നിയമനങ്ങൾ വ്യാപകമായി നടത്തുന്നതും വിരമിച്ചു കഴിയുന്നവർ തൽസ്ഥാനങ്ങളിൽ തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(എച്ച്) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്താറുണ്ട്. വിരമിച്ചതിനു ശേഷം സർവ്വീസിൽ തുടർന്നു വരുന്നവരുടെ സേവനം അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ